പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നം. 3549 | 11.12.2018-ൽ<br>മറുപടിക്ക് |

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, അനിൽ അക്കര<br>,, എ.പി. അനിൽ കുമാർ<br>,, അൻവർ സാദത്ത് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം മന്ദഗതിയിലായ സാഹചര്യത്തിൽ സർക്കാർ ജില്ലാതല യോഗങ്ങൾ വിളിച്ചിരുന്നോ; | എ) പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതിലേക്കായി ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ നടന്നു വരുന്നു.<br>ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, തിരുവനന്തപുരം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാതല യോഗങ്ങൾ വിളിച്ചു ചേർത്തിട്ടുള്ളതാണ്. |
| ബി) എങ്കിൽ പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; | ബി) 2018-19 ലെ വാർഷിക പദ്ധതി പുരോഗതി ജില്ലാതലത്തിൽ അവലോകനം ചെയ്തു. ഡിസംബർ 31 നകം 70% തുക വിനിയോഗിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. 2019-20 വാർഷിക രൂപീകരണ നടപടി ഡിസംബർ 31 നകം പൂർത്തീകരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ടതും, ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ പദ്ധതി പുരോഗതി അവലോകനം ചെയ്യേണ്ടതും ഡിപ്പോസിറ്റ് പ്രവൃത്തികളുടെ പുരോഗതി ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തി മോണിറ്റർ ചെയ്യേണ്ടതാണെന്നും തീരുമാനിച്ചു. |

| | | | |
|---|---|---|---|
| സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതികൾക്കായി സർക്കാർ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | സി) | സംസ്ഥാനം നേരിട്ട പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കൊണ്ടുള്ള സർക്കാറിന്റെ 19-09-2018 ലെ സ.ഉ (സാധാ) നം. 2462/2018 തസ്വഭവ നം. ഉത്തരവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2019-20 വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മഹാപ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്കും അതുപോലെ പ്രളയത്തിൽ നശിച്ചതോ കേടുപാടുകൾ വന്നതോ ആയ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കും പുനർ നിർമ്മാണത്തിനും ഉള്ള പ്രോജക്ടുകൾക്കും ഉയർന്ന പരിഗണന നൽകേണ്ടതാണെന്ന് സർക്കാരിന്റെ 23.10.2018 ലെ സ.ഉ(സാധ) നം.2710/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ നിർദ്ദേശിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ